കേരള സർക്കാർ
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

BE THE WARRIOR

# കൊവിഡ് ബാധിതർക്ക് ഹോം ഐസൊലേഷനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ



## രോഗികൾക്കുള്ള നിർദ്ദേശങ്ങൾ

- കുടുംബാംഗങ്ങളിൽ നിന്ന് അകലം പാലിക്കുക.
- വായു സഞ്ചാരമുള്ള മുറിയിൽ താമസിക്കുക.
- എല്ലായ്പ്പോഴും N95 മാസ്ക്കോ, ഡബിൾ മാസ്ക്കോ ഉപയോഗിക്കുക.
- വിശ്രമിക്കുക,ധാരാളം പാനീയങ്ങൾ കുടിക്കുക.
- കൈകൾ ഇടയ്ക്കിടെ സോപ്പും , വെള്ളവും ഉപയോഗിച്ച് കഴുകുക/സാനിറ്റൈസ് ചെയ്യുക.
- പാത്രങ്ങൾ ഉൾപ്പെടെയുള്ള വ്യക്തിഗത ആവശ്യത്തിനായി ഉപയോഗിക്കുന്ന വസ്തുക്കൾ ആരുമായും പങ്കുവയ്ക്കരുത്.
- ഇടയ്ക്കിടെ സ്പർശിക്കുന്ന പ്രതലങ്ങൾ സോപ്പ് / ഡിറ്റർജന്റ്,വെള്ളം എന്നിവ ഉപയോഗിച്ചു വൃത്തിയാക്കുക.
- ഓക്സിജന്റെ അളവ്,ശരീര ഊഷ്മാവ് എന്നിവ കൃത്യമായി നിരീക്ഷിക്കുക.

കേരള സർക്കാർ
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# കോവിഡ് ബാധിതർക്ക് ഹോം ഐസൊലേഷനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ



## പരിപാലകർക്കുള്ള നിർദ്ദേശങ്ങൾ

### മാസ്ക്ക്:

- രോഗബാധിതരോടൊപ്പമുള്ള സമയത്ത് N95 മാസ്ക്കോ, ഡബിൾ മാസ്കോ ഉപയോഗിക്കുക
- മാസ്കിന്റെ മുൻവശം സ്പർശിക്കരുത്
- മാസ്ക് നനയുകയോ ,മലിനമാവുകയോ ചെയ്താൽ ഉടനടി മാറ്റി പുതിയത് ധരിക്കുക
- ഉപയോഗിച്ച മാസ്ക് കഷ്ണങ്ങളായി മുറിച്ച് 72 മണിക്കൂറെങ്കിലും പേപ്പർ ബാഗിൽ സൂക്ഷിച്ച ശേഷം നിർമാർജ്ജനം ചെയ്യുക
- മാസ്ക് കൈകാര്യം ചെയ്തതിനു ശേഷം കൈകൾ സോപ്പും, വെള്ളവും ഉപയോഗിച്ച് കഴുകുക
- മുഖം,മൂക്ക്,വായ എന്നിവ സ്പർശിക്കുന്നത് ഒഴിവാക്കുക

കേരള സർക്കാർ
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# കൊവിഡ് ബാധിതർക്ക് ഹോം ഐസൊലേഷനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ

## പരിപാലകർക്കുള്ള നിർദ്ദേശങ്ങൾ



### കൈകളുടെ ശുചിത്വം:

- രോഗിയുമായോ, രോഗിയുള്ള സാഹചര്യങ്ങളുമായോ ഇടപെടേണ്ടി വന്നാൽ കൈകളുടെ ശുചിത്വം ഉറപ്പുവരുത്തുക
- 40 സെക്കന്റെങ്കിലും സോപ്പും വെള്ളവും ഉപയോഗിച്ചു കൈകഴുകുകയോ, ആൽക്കഹോൾ അടങ്ങിയ സാനിറ്റൈസർ ഉപയോഗിക്കുകയോ വേണം
- വെള്ളമുപയോഗിച്ച് കൈ കഴുകിയതിനു ശേഷം ഒറ്റതവണ ഉപയോഗിച്ചു കളയാവുന്ന പേപ്പർ ടവലുകളോ, വൃത്തിയുള്ള തുണികൊണ്ടുള്ള ടവലുകളോ ഉപയോഗിച്ചു കൈ തുടക്കുകയും, നനഞ്ഞ ടവലുകൾ മാറ്റുകയും ചെയ്യുക.
- ഗ്ലൗസ്സ് ധരിക്കുന്നതിനു മുൻപും ശേഷവും കൈ കഴുകുക

കേരള സർക്കാർ
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

BE THE WARRIOR

# കൊവിഡ് ബാധിതർക്ക് ഹോം ഐസൊലേഷനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ

## പരിപാലകർക്കുള്ള നിർദ്ദേശങ്ങൾ



### രോഗിയുമായോ , രോഗിയുള്ള സാഹചര്യങ്ങളുമായോ സമ്പർക്കമുണ്ടായാൽ:

- രോഗിയുടെ ശരീരസ്രവങ്ങളുമായി നേരിട്ടുള്ള സമ്പർക്കം ഒഴിവാക്കുക; ഒറ്റതവണ ഉപയോഗിക്കാവുന്ന ഗ്ലൗസ്സ് ധരിക്കുക
- രോഗി ഉപയോഗിച്ച പാത്രങ്ങൾ, പാനീയങ്ങൾ, ടവലുകൾ, ബെഡ് ഷീറ്റ് എന്നിവയുമായുള്ള സമ്പർക്കം ഒഴിവാക്കുക
- രോഗിക്കുള്ള ഭക്ഷണം മുറിയിൽ എത്തിക്കുക
- രോഗി ഉപയോഗിച്ച പാത്രങ്ങൾ ഗ്ലൗസ്സ് ധരിച്ചുകൊണ്ട് സോപ്പും വെള്ളവും ഉപയോഗിച്ചു കഴുകുക
- രോഗി ഉപയോഗിച്ച വസ്തുക്കൾ കൈകാര്യം ചെയ്തതിനു ശേഷവും, ഗ്ലൗസ്സ് അഴിച്ചതിനു ശേഷവും കൈകൾ വൃത്തിയായി കഴുകുക

കേരള സർക്കാർ
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

BE THE WARRIOR
FIGHT TOGETHER

# കൊവിഡ് ബാധിതർക്ക് ഹോം ഐസൊലേഷനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ



- ഉപയോഗിച്ച വെള്ളക്കുപ്പികൾ, ബാക്കി വന്ന ഭക്ഷണം മുതലായവ സുരക്ഷിതമായി നിർമാർജ്ജനം ചെയ്യുക
- ഒരു ബാഗിൽ ശേഖരിച്ച് നന്നായി കെട്ടിയതിനു ശേഷം മാലിന്യങ്ങൾ എടുക്കാൻ വരുന്നവർക്ക് നൽകുക
- രോഗി ഉപയോഗിച്ച മാസ്ക്, ഗ്ലൗസ്സ്, രക്തമോ മറ്റു ശരീര സ്രവങ്ങളോ പറ്റിയ ടിഷ്യൂ എന്നിവ ബയോമെഡിക്കൽ മാലിന്യങ്ങളായി കൈകാര്യം ചെയ്യണം
- ഇത്തരം മാലിന്യങ്ങൾ പ്രത്യേകം ഒരു മഞ്ഞ ബാഗിൽ ശേഖരിച്ച് മാലിന്യങ്ങൾ എടുക്കാൻ വരുന്നവർക്ക് നൽകുക അല്ലെങ്കിൽ നായ, എലി മുതലായവയ്ക്ക് പ്രാപ്യമല്ലാത്ത വിധത്തിൽ ആഴത്തിലുള്ള കുഴിയടുത്ത് അതിലിട്ട് മൂടുക

കേരള സർക്കാർ
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# കൊവിഡ് ബാധിതർക്ക് ഹോം ഐസൊലേഷനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ



## ഹോം ഐസൊലേഷനിലുള്ള മിതമായ ലക്ഷണങ്ങളുള്ള / ലക്ഷണങ്ങൾ ഇല്ലാത്ത രോഗികൾക്കുള്ള ചികിത്സ (1/2)

- ചികിത്സിക്കുന്ന ഡോക്ടറുമായി ആശയവിനിമയം നിലനിർത്തുക. ആരോഗ്യനില വഷളാകുന്നപക്ഷം റിപ്പോർട്ട് ചെയ്യുക.
- അനുബന്ധരോഗങ്ങൾക്കും മറ്റു രോഗങ്ങൾക്കുമുള്ള ചികിത്സ ഡോക്ടറുടെ നിർദ്ദേശപ്രകാരം തുടരുക.
- ഇ സഞ്ജീവനി പോലുള്ള ടെലികൺസൽട്ടേഷൻ പ്ലാറ്റ്ഫോമുകൾ ഉപയോഗപ്പെടുത്തുക.
- പനി, മൂക്കൊലിപ്പ്, ചുമ എന്നീ ലക്ഷണങ്ങൾക്കുള്ള ചികിത്സ തുടരുക.
- ദിവസം മൂന്നു നേരം ചൂടുവെള്ളം കവിൾകൊള്ളുകയോ, ആവി പിടിക്കുകയോ ചെയ്യുക.

കേരള സർക്കാർ
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# കൊവിഡ് ബാധിതർക്ക് ഹോം ഐസൊലേഷനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ



## ഹോം ഐസൊലേഷനിലുള്ള മിതമായ ലക്ഷണങ്ങളുള്ള / ലക്ഷണങ്ങൾ ഇല്ലാത്ത രോഗികൾക്കുള്ള ചികിത്സ ( 2 / 2 )

- 650 mg പാരസെറ്റമോൾ നാലു നേരം വീതം കഴിച്ചിട്ടും പനി നിയന്ത്രണവിധേയമായില്ലെങ്കിൽ ചികിത്സിക്കുന്ന ഡോക്ടറെ അറിയിക്കുക
- സോഷ്യൽ മീഡിയയിലെ തെറ്റായ വിവരങ്ങൾ അവഗണിക്കുക
- ഡോക്ടറുടെ നിർദ്ദേശം കൂടാതെ മരുന്നു കഴിക്കുകയോ, രക്തം പരിശോധിക്കുകയോ ,എക്സ് റേ, സി.റ്റി സ്കാൻ എന്നിവ നടത്തുകയോ ചെയ്യരുത്
- സ്വന്തം ഇഷ്ടപ്രകാരം സ്റ്റിറോയിഡുകൾ കഴിക്കരുത്. അത് മറ്റു സങ്കീർണ്ണതകൾക്ക് വഴിയൊരുക്കും
- ഡോക്ടറുടെ കുറിപ്പടികൾ മറ്റുള്ളവരുമായി പങ്കുവെക്കാതിരിക്കുക
- ഓക്സിജൻ സാച്ചുറേഷൻ കുറയുക, ശ്വാസമെടുക്കാൻ ബുദ്ധിമുട്ടുണ്ടാകുക എന്നിവയുണ്ടായാൽ ഉടനടി ചികിത്സ തേടുക.

കേരള സർക്കാർ
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# കൊവിഡ് ബാധിതർക്ക് ഹോം ഐസൊലേഷനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ



## വൈദ്യസഹായം തേടേണ്ടത് എപ്പോൾ?

- സ്വയം നിരീക്ഷിക്കുക.താഴെപ്പറയുന്ന ലക്ഷണങ്ങൾ കാണുകയാണെങ്കിൽ ഉടനടി വൈദ്യസഹായം തേടുക
- കുറയാതെ തുടരുന്ന കടുത്ത പനി ( മൂന്നു ദിവസമായി $100^{\circ}$ യിൽ കൂടുതൽ)
- ശ്വാസോച്ഛ്വാസത്തിനുള്ള ബുദ്ധിമുട്ട്
- ഓക്സിജൻ സാച്ചുറേഷനിലുള്ള കുറവ് (ഒരു മണിക്കൂറിനുള്ളിൽ നടത്തിയ ചുരുങ്ങിയത് മൂന്നു റീഡിങ്ങുകളിൽ $SpO_2$ 93% ൽ കുറവോ അല്ലെങ്കിൽ ശ്വാസോച്ഛ്വാസനിരക്ക് ഒരു മിനിറ്റിൽ 24 ൽ കുറവോ)
- നെഞ്ചിൽ നീണ്ടു നിൽക്കുന്ന വേദന/മർദ്ധം
- ആശയക്കുഴപ്പം, എഴുന്നേൽക്കാൻ ബുദ്ധിമുട്ട്
- കടുത്ത ക്ഷീണവും പേശീവേദനയും

കേരള സർക്കാർ
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

BE THE WARRIOR

# കൊവിഡ് ബാധിതർക്ക് ഹോം ഐസൊലേഷനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ



## ഹോം ഐസൊലേഷൻ അവസാനിപ്പിക്കേണ്ടത് എപ്പോൾ?

- കൊവിഡ് പോസിറ്റീവ് ആയതിനു ശേഷം ചുരുങ്ങിയത് 7 ദിവസമെങ്കിലും പിന്നിടുകയോ, തുടർച്ചയായ മൂന്നു ദിവസങ്ങളിൽ പനി ഇല്ലാതിരിക്കുകയോ ചെയ്താൽ ഹോം ഐസൊലേഷൻ അവസാനിപ്പിക്കാം
- മാസ്ക് ധരിക്കുന്നത് തുടരുക
- ഹോം ഐസൊലേഷൻ കാലാവധി കഴിഞ്ഞതിനു ശേഷം വീണ്ടും ടെസ്റ്റ് ചെയ്യേണ്ടതില്ല
- രോഗിയുമായി അടുത്ത സമ്പർക്കം പുലർത്തിയവർ രോഗലക്ഷണങ്ങൾ ഇല്ലെങ്കിൽപോലും സ്വയം രോഗനിരീക്ഷണത്തിൽ തുടരേണ്ടതാണ്

